കേരളസർക്കാർ

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്

8480 /2 പ.ജ.പ.വ.വിവ.

തിരുവനന്തപുരം - 190.05.90

സർക്കുലർ

വിഷയം: പട്ടികജാതി/ പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് വിവധ പദ്ധതികളുടെ ഗുണഭോക്താക്കളായിതെരഞ്ഞെടുക്കപ്പെടുന്നവർ

സൂചന: 1. 25/05/1984 ലെ 3895/ഇ2/8/84/ പെ .വ.നം. സർക്കാർ കത്ത്

2. 12.1.1990 പെ ജി.ഒ. പി നം. വിവി നംപർ സർക്കാർ ഉത്തരവ്

-------------------------

പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും വികസനപരിപാടികളുടെയും പ്രയോജനം സിദ്ധിക്കുന്നതിന് അപേക്ഷിക്കുമ്പോൾ ഈ വിഭാഗക്കാർ റവന്യു അധികാരികൾ നല്കുന്ന ജാതി സർട്ടിഫിക്കറ്റും വരുമാനസർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം സമർപ്പിക്കണം എന്നൊരവസ്ഥ നടപ്പിലുണ്ട്. തന്മൂലം വായ്പാ അപേക്ഷകരും .. പദ്ധതിയുടെ പ്രയോജനം കിട്ടുമെങ്കിലും ഇല്ലങ്കിലും ഈ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടിവരുന്നു. രണ്ടാമത് സൂചിപ്പ സർക്കാർ ഉത്തരവ് പ്രകാരം സർട്ടിഫിക്കറ്റ് നൽകുന്നത് തഹസീൽദാരും , ഉയർന്ന റവന്യു ഉദ്യോഗസ്ഥരും മേൽപറഞ്ഞ സംമ്പ്രദായം റവന്യു അധികാരികൾക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്.

2.. പട്ടികജാതിപട്ടികവർഗ്ഗത്തിൽപ്പെട്ട അപേക്ഷകരിൽനിന്നും അർഹതയുള്ളവരെ തിരഞ്ഞെടുത്ത് ആനുകൂല്യങ്ങൾ അനുവദിക്കേണ്ടകേസ്സുകളിൽ അത്തരം ആനുകൂല്യങ്ങൾക്ക് വേണ്ടിയുള്ള അപേക്ഷാഫാറത്തിൽ ജാതി വർഗ്ഗ, വരുമാനം എന്നിവ അപേക്ഷകൻ സ്വയം ഇപ്രകാരമുളള അപേക്ഷകരിൽനിന്നും ആനുകൂല്യത്തിനർഹരായി തെരഞ്ഞെടുക്കപ്പെടുന്നവർ, റവന്യു അധികാരികളിൽ നിന്നും തങ്ങളുടെ പട്ടികജാതി- പട്ടികവർഗ്ഗസ്ഥിതിതെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ്, വരുമാനസർട്ടിഫിക്കറ്റും ബന്ധപ്പെട്ടഅധികാരികൾക്കു മുൻപാകെ ഹാജരാക്കിയാൽ മാത്രമേ അർഹരായ ആനുകൂല്യങ്ങൾ അനുവദിച്ചുകൊടുക്കപ്പെടുന്ന വ്യവ്സ്ഥ ഇത്തരം പദ്ധതികളിലും നടക്കുന്നതാണ്.

3. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സംവരണ സീറ്റുകളിൽ പ്രവേശനം വിദ്യാഭ്യാസാനുകൂല്യങ്ങൾ, ഉദ്യോഗസ്ഥസംവരണം, സംവരണസ്ഥലങ്ങളിൽനിന്നും ജനപ്രതിനിധികളെ തെരഞ്ഞെടുക്കപ്പെടുന്നതുപോലെയുള്ള നിയപ്രകാരമുള്ള പ്രത്യേക നിബന്ധനകൾ തുടങ്ങിയ കാര്യങ്ങളിൽ മേൽപറഞ്ഞ വിവസ്ഥകൾ ബാധകമല്ല. അത്തരം അപേക്ഷകളോടെ ജാതിസർട്ടിഫിക്കറ്റ്, വരുമാനസർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്..

ജി കെ മൂർത്തി.

കമ്മിഷണർ ആൻഡ് സെക്രട്ടറി

എല്ലാവകുപ്പദ്ധ്യക്ഷൻമാർക്കും,

എല്ലാ ജില്ലാകളക്ടർക്കും

25396/90 തീയതി. 25.6.1990

ചീഫ്ഫോറസ്ററ് കൺസർവേറ്ററുടെ ആഫീസ്,

തിരുവനന്തപുരം, തീയതി. 29.06.1990

പകർപ്പ്: എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ ഡിവിഷണൽഫോറസ്റ്റ് ആഫീസർക്കും ..

പകർപ്പ്: ഈ ആഫീസിലെ എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും, റിക്കാർഡ് സെക്ഷനും, സ്റ്റോക്ക് ഫയലിലും.